**ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറുടെ (എ&റ്റി)യുടെ നടപടിക്രമം**

വിഷയം:- തിരുവനന്തപുരം ജില്ലയിലെ ഇൻസെക്റ്റ് കളക്ടർമാരുടെ തസ്തികകൾ വ്യക്തത വരുത്തികൊണ്ട് ഉത്തരവാകുന്നു

പരാമർശം:-1. ജി.ഒ (എം.സ്) നം.216/89 ആകുവ തീ.11.10.89
2. ജീവനക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള സ്ഥലം മാറ്റ അപേക്ഷകൾ

**ഉത്തരവ് നമ്പർ ഇജി5-61737/2018/ആവഡ തീയതി 23.02.2018**

ഫീൽഡ് വർക്കർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് 10 വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുകയും, ഇത്തരത്തിൽ പ്രൊമോഷൻ ലഭിച്ച ഫീൽഡ് അസിസ്റ്റന്റ്മാരിൽ നിന്നും സീനിയോറിറ്റി അനുസരിച്ച് ഇൻസെക്റ്റ് കളക്ടർമാരായി ഉദ്യോഗക്കയറ്റം നൽകുകയും ചെയ്യുന്നു. എന്നാൽ ഫീൽഡ് അസിസ്റ്റന്റുമാരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി പാസ്സായ രണ്ട് വർഷത്തെ പ്രവർത്തി പരിചയവുമുള്ള ഫീൽഡ് വർക്കർമാരിൽ നിന്നും മുൻഗണനാ ക്രമത്തിൽ ഇൻസെക്ട് കളക്ടർമാരായി പ്രൊമോഷൻ നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള നടപടി ക്രമം. കൂടാതെ മേൽ തസ്തികകൾ എല്ലാം തന്നെ ജില്ലാതല നിയമനങ്ങളുമാണ്.

തിരുവനന്തപുരം ജില്ലയിലെ സ്റ്റേറ്റ് എന്റമോളജി വിഭാഗത്തിലെ ഇൻസെക്റ്റ് കളക്ടർ തസ്തികയിലേക്ക് മറ്റ് ജില്ലകളിൽ നിന്നും സ്ഥലം മാറ്റത്തിനും, കൂടാതെ ഇവിടെയുള്ള ഒഴിവുകളിലേക്ക് പ്രൊമോഷൻ വഴി സ്ഥലം മാറ്റം ലഭിക്കുന്നതിനും ധാരാളം അപേക്ഷകകൾ ലഭിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ താഴെ പറയുന്ന രീതിയിൽ വ്യക്തത വരുത്തി ഉത്തരവാകുന്നു.

1. തിരുവനന്തപുരം ജില്ലയിൽ ആകെയുള്ള ഇൻസെക്റ്റ് കളക്ടർ തസ്തികയിൽ 4 എണ്ണം ഡി.വി.സി യൂണിറ്റിലും, ബാക്കി 4 എണ്ണം ആരോഗ്യവകുപ്പ് കാര്യാലയത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എന്റമോളജി യൂണിറ്റിലുമാണ്.

2. ടി തസ്തിക ജില്ലാ തല നിയമനമാകയാൽ സ്റ്റേറ്റ് എന്റമോളജി യൂണിറ്റിലുള്ള ഇൻസെക്റ്റ് കളക്ടർ തസ്തികകൾ ഉൾപ്പെടെയുള്ള 8 തസ്തികകളും, തിരുവനന്തപുരം ജില്ലയിൽ അനുവദിക്കപ്പെട്ട തസ്തികകളാണ്. ഈ തസ്തികകൾ ജില്ലയിലെ ഫീൽഡ് അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ തസ്തികയാണ്.

3. ജില്ലാതല നിയമനമായതിനാൽ ആരോഗ്യ വകുപ്പ് കാര്യാലയത്തിലെ സ്റ്റേറ്റ് എന്റമോളജിയിലെ ഇൻസെക്റ്റ് കളക്ടർമാരുടെ ഒഴിവ് ഹെഡ്ക്വോട്ടേഴ്സ് വേക്കൻസി ആയി പരിഗണിക്കാൻ കഴിയില്ല.

4. മറ്റ് ജില്ലയിലെ ഇൻസെക്റ്റ് കളക്ടർമാർ സ്ഥലം മാറ്റത്തിനായി അപേക്ഷിക്കുന്ന പക്ഷം, അവർക്ക് അന്തർജില്ലാ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ (ഐ.ഡി.റ്റി റൂൾസ്) ബാധകമായിരിക്കും. അതായത്, ടി ജീവനക്കാർ തിരുവനന്തപുരം ജില്ലയിൽ ജൂനിയർ ആകാൻ തയ്യാറാണെന്ന സത്യവാങ്മൂലം ഉൾപ്പെടുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറത്തിൽ മേൽ തസ്തികയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാം.

അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ മേൽ സൂചിപ്പിച്ച നിബന്ധനകൾക്ക് വിധേയമായി വേണം ഇൻസെക്റ്റ് കളക്ടർ തസ്തികയിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷകൾ അയക്കേണ്ടത്.

**ഒപ്പ്/**
**ഡോ.എ.സമീറ**
**അഡീഷണൽ ഡയറക്ടർ (എ&റ്റി)**

പകർപ്പ്
1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും സീനിയർ ബയോളജിസ്റ്റ്/
2. സീനിയർ ബയോളജിസ്റ്റ് / ബയോളജിസ്റ്റ്, ഡി.വി.സി യൂണിറ്റ് (എല്ലാ ജില്ലയിലും) ജില്ലാ മെഡിക്കൽ ആഫീസർ മുഖേന
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
5. ഫയൽ/ കരുതൽ ഫയൽ

**// അംഗീകാരത്തോടെ//**

സൂപ്രണ്ട്